**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിലെ ചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഐ. ടി. മേഖലയിൽ ജോലി ചെയ്യുന്നവർ കടുത്ത മാനസികസമ്മർദ്ദം അനുഭവിക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഐ.ടി മേഖലയിൽ ജോലി ചെയ്യുന്നവർ കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. തൊഴിൽ വകുപ്പിൽ ലഭിക്കുന്ന തൊഴിൽ നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളിലും തൊഴിൽ സ്ഥലത്ത് തൊഴിലാളികൾ നേരിടുന്ന തൊഴിൽപരവും വ്യക്തിപരവുമായ harassment സംബന്ധിച്ച പരാതികളിലും ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഈ മേഖലയിലെ ജീവനക്കാർ നേരിടുന്നതായ മാനസിക സംഘർഷങ്ങളെക്കുറിച്ച് പഠിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഇക്കാര്യം പൊതുവിഷയമായി കണ്ട് ഇത്തരം തൊഴിൽ രംഗത്തെ മാനസികസംഘർഷവും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും പരിഹരിക്കുന്നത് സംബന്ധിച്ച് ഉചിതതലങ്ങളിൽ ചർച്ച നടത്തി ബന്ധപ്പെട്ട മറ്റ് വകുപ്പുകളോടും കൂടി സഹകരിച്ച് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | ഐ. ടി. മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.ടി സ്ഥാപനങ്ങളെല്ലാം ഇവർക്ക് ബാധകമായ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ വരുന്നുണ്ട്. ഓരോ നിയമവും നൽകുന്ന സംരക്ഷണം ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോ എന്നത് തൊഴിൽ വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ